പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3378 14.03.2018-ൽ മറുപടിക്ക്

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രവർത്തനങ്ങളുടെ ഓഡിറ്റിംഗ്

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ട് ഉപയോഗിച്ച് നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന ആരോഗ്യമേഖലയിൽ നടത്തിയ നിരവധി പ്രവർത്തനങ്ങളുടെ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട കൃത്യമായ ഓഡിറ്റിംഗ് സംവിധാനം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (എ) & (ബി) | നാഷണൽ റൂറൽ ഹെൽത്ത് മിഷൻ മുഖേന നടത്തുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഫണ്ട് വിനിയോഗങ്ങൾക്ക് അക്കൗണ്ടന്റ് ജനറലിന്റെ കൺകറന്റ് ഓഡിറ്റ്, നിയമപ്രകാരമുള്ള ഓഡിറ്റ്, സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇൻസ്പെക്ഷൻ എന്നീ മൂന്ന തരം ഓഡിറ്റിംഗ് ബാധകമാണ്.<br>കഴിഞ്ഞ സാമ്പത്തിക വർഷം 2016-17-ൽ നിയമപ്രകാരമുള്ള ഓഡിറ്റ് നടത്തിയത് ഐസക് ആന്റ് സുരേഷ് എന്ന ചാർട്ടേർഡ് അക്കൗണ്ടന്റ് ആണ്. ഇതു കൂടാതെ അതത് ജില്ലകളിലും സംസ്ഥാന ഓഫീസിലും കൺകറന്റ് ഓഡിറ്റർമാരെ നിയമിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത ഓഡിറ്റിംഗ് നടത്തുന്നതെന്ന് അറിയിക്കാമോ; | | |
| (സി) | ഏതെല്ലാം സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റിംഗ് ബാക്കിയുണ്ട്; വിശദാംശം നൽകാമോ? | (സി) | 2016-17 വരെയുള്ള എ.ജി. കൺകറന്റ്, നിയമപ്രകാരമുള്ള ഓഡിറ്റ് ഇവ കഴിഞ്ഞ് റിപ്പോർട്ട് കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ